**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **09-12-2022 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും തുക അനുവദിക്കുമോ; വിശദമാക്കുമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി 06.12.2013 -ലെ സ.ഉ. (സാധാ).നം. 2500/2013/ എച്ച്.ഇ.ഡി.എൻ പ്രകാരം 130.149 കോടി രൂപ അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.03.2014 ലെ G.O(Rt)No.668/2014/HEdn പ്രകാരം 1 കോടി രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ആയതിൽ 61.20 ലക്ഷം രൂപ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി - യുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 38.80 ലക്ഷം രൂപയിൽ 34.70 ലക്ഷം രൂപ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും മിച്ചമുള്ള 4.10 ലക്ഷം രൂപ സർക്കാർ 26.03.2022 – ൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥലം ലഭ്യമാക്കുന്നതിനും വേണ്ടി 06.12.2013-ലെ സ.ഉ. (സാധാ)നം.2500/2013/എച്ച്.ഇ.ഡി.എൻ. പ്രകാരം 130.149 കോടി രൂപ അനുവദിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് ലഭ്യമാക്കിയിരുന്നോ; പ്രസ്തുത തുകയിൽ നിന്നും ഒരു കോടി രൂപ റിലീസ് ചെയ്ത് നൽകിയിരുന്നോ; വിശദമാക്കുമോ; | (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി.ക്ക് സ്ഥലം ലഭ്യമാക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും വേണ്ടി 06.12.2013 -ലെ സ.ഉ. (സാധാ).നം. 2500/2013/ എച്ച്.ഇ.ഡി.എൻ പ്രകാരം 130.149 കോടി രൂപ അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.03.2014 ലെ G.O(Rt)No.668/2014/HEdn പ്രകാരം 1 കോടി രൂപ പ്രാരംഭപ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ആയതിൽ 61.20 ലക്ഷം രൂപ എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി - യുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ള 38.80 ലക്ഷം രൂപയിൽ 34.70 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുകയും മിച്ചമുള്ള 4.10 ലക്ഷം രൂപ സർക്കാർ 26.03.2022 – ൽ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്ഥാപനത്തിലേക്ക് അനുവദിച്ച എൻജിനീയറിങ് കോളേജ്, പോളിടെക്നിക് കോളേജ് എന്നിവ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ ; | (സി) | എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി കണ്ടെത്തിയ 31.64 ഏക്കർ ഭൂമിയിൽ ഒന്നാംഘട്ടമായി 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്തി സർവ്വേകല്ല് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 17.03.2021 - ൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നിരുന്നു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്ലാനിംഗ് ബോർഡിനെ സമീപിച്ചിരുന്നുവെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകൾ നേരത്തേ പ്രസിദ്ധീകരിച്ചതു മൂലം എൽ.ബി.എസ് ഡയറക്ടറുടെ അപേക്ഷ പ്ലാനിംഗ് ബോർഡ് പരിഗണിച്ചിരുന്നില്ല. നിലവിലെ ഭരണാനുമതി 2013 വർഷത്തിലേതായതിനാൽ തുടർനടപടികൾക്കായി പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സ്ഥാപനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് സ്വകാര്യ ഭൂമി അളന്ന് തിരിച്ച് കല്ല് സ്ഥാപിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി കണ്ടെത്തിയ 31.64 ഏക്കർ ഭൂമിയിൽ ഒന്നാംഘട്ടമായി 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സ്ഥലം അളന്ന് തിട്ടപ്പെടുത്തി സർവ്വേകല്ല് സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി 17.03.2021 - ൽ ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നിരുന്നു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച് പ്ലാനിംഗ് ബോർഡിനെ സമീപിച്ചിരുന്നുവെങ്കിലും 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് രേഖകൾ നേരത്തേ പ്രസിദ്ധീകരിച്ചതു മൂലം എൽ.ബി.എസ് ഡയറക്ടറുടെ അപേക്ഷ പ്ലാനിംഗ് ബോർഡ് പരിഗണിച്ചിരുന്നില്ല. നിലവിലെ ഭരണാനുമതി 2013 വർഷത്തിലേതായതിനാൽ തുടർനടപടികൾക്കായി പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ